(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വകുപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

വർഷം	വകയിരുത്തിയ തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2011-12	500	467
2012-13	500	75
2013-14	550	350
2014-15	1000	112
2015-16 (15-2-2016 വരെ)	1000	109

നഗരകാര്യ വകുപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

നമ്പർ	വർഷം	ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
1	2013-14	50	40
2	2014-15	60	57.85
3	2015-16	1000	-

പ്ലാസ്റ്റിക് ശേഖരണ നിർമ്മാർജ്ജനം

112 (2945) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. പി. കെ. ബഷീർ
ശ്രീ. എം. ഉമ്മർ
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ പ്ലാസ്റ്റിക് ശേഖരണ നിർമ്മാർജ്ജന നടപടികൾ വിജയകരമായി നടപ്പാക്കിയ സാഹചര്യത്തിൽ കുപ്പികളും, ഇ-വേസ്റ്റും ശേഖരിക്കാൻ ഫെബ്രുവരി 10, 11 തീയതികളിൽ മാത്രം നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുള്ള ക്യാമ്പുകൾ സ്ഥിരം സംവിധാനമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ചവറുകുനകൾക്ക് തീയിടുന്നതിൽപ്പെട്ട് പ്ലാസ്റ്റിക് കത്തിപ്പുരക്കുന്ന പുകപടലം നഗരവാസികൾക്ക് കഠിനമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി ആന്റ് സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കണമെന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് റീസൈക്ലിങ്ങിന് കൈമാറുന്നതിന് താത്കാലികമായി ശേഖരിക്കപ്പെടുന്നതിനുള്ള പശ്ചാത്തല സൗകര്യമായ റിസോഴ്സ് റിക്കവറി സെന്റർ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ഹോസ്റ്റലുകളുടെ മാനദണ്ഡങ്ങൾ

113 (2946) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്റ്റലുകൾ നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ അമിതമായ നിരക്കിൽ ഫീസ് ഈടാക്കിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾപോലും ഏർപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക ഫീസ് ഈടാക്കുന്നതും, ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതുമായ ഹോസ്റ്റലുകൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.